16668
3/9/19

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

നെന്മാറ ഡിവിഷൻ - ആലത്തൂർ റെയിഞ്ച് - ജണ്ട നിർമ്മാണത്തിലെ ക്രമക്കേട് - സർവ്വശ്രീ.സി.അബ്ദുൾലത്തീഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.ബി.ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ - എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.116/2019/വനം തിരുവനന്തപുരം, തീയതി, 15/03/2019

പരാമർശം:- (1) 31.12.2016-ലെ പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പി.1111/2016 നമ്പർ അന്വേഷണ റിപ്പോർട്ട്

(2) 17.04.2017-ലെ FWLD-A1/22/17-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(3) 17.06.2017 തീയതിയായി ശ്രീ.സി.അബ്ദുൾ ലത്തീഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 24.06.2017 തീയതിയായി ശ്രീ.ബി. ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ

(4) 28.06.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-7210/17 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നെന്മാറ വനം ഡിവിഷനിലെ ആലത്തൂർ റെയിഞ്ചിൽ കടമപ്പുഴ ടോപ്പ് ഭാഗത്തെ ജണ്ട നിർമ്മാണത്തിൽ ക്രമക്കേട് നടന്നു എന്ന പരാതിയിൽ പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി താഴെപ്പറയുന്ന കണ്ടെത്തലുകളോടെ പരാമർശം ( 1 ) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

21 സ്ഥിരം ജണ്ടകൾ നിർമ്മിക്കുന്നതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അടങ്കൽ പാസാക്കുകയും 96,192/- രൂപയുള്ള ബിൽ പാസാക്കി നൽകുകയുമുണ്ടായി. അടങ്കലിൽ നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ അസ്ഥിവാരം, ഉയരം, വീതി എന്നിവ പാലിക്കാതെയും ആവശ്യമായ അളവിലും തോതിലും സിമന്റ്, മണൽ എന്നിവ ഉപയോഗിക്കാതെയുമാണ് ജണ്ട നിർമ്മിച്ചിട്ടുള്ളത്. നിർമ്മാണ വേളയിൽ ജണ്ടകൾ പരിശോധിച്ചതായി രേഖപ്പെടുത്തലുകളില്ല. മെഷർമെന്റ് ബുക്കിൽ തീയതി രേഖപ്പെടുത്തിയത് തെറ്റായാണ്. സ്റ്റേഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഉണ്ടായിട്ടും ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തി. സ്റ്റേഷൻ സ്റ്റാഫിനെ ജണ്ട ജോലികൾ പരിശോധിക്കാനായി

നിയോഗിച്ചതായി ജിഡിയിൽ രേഖപ്പെടുത്തിയിട്ടില്ല. പഴയ ജണ്ടകളുടെ കല്ല് പുനർനിർമ്മാണ പ്രവർത്തിയ്ക്ക് ഉപയോഗിച്ചതായും വനം വിജിലൻസിന്റെ പരിശോധനയ്ക്കുശേഷം ഗുണ നിലവാരമില്ലാത്ത ജണ്ടകൾ പൊളിച്ച് രണ്ടാമത് പണിചെയ്യതായും കണ്ടെത്തി. ഗുണ നിലവാരം ഉറപ്പുവരുത്താതെ കൺവീനർക്ക് തുക ലഭ്യമാക്കി.

2) മേൽ ക്രമക്കേടുകൾക്ക് കാരണക്കാരായ മംഗലം ഡാം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.ശ്യാമളദാസ്, ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി.അബ്ദുൾ ലത്തീഫ് എന്നിവർക്ക് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ അംഗീകരിച്ച് പരാമർ ശം ( 2 ) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു. ടിയാന്മാർ പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയും അതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും ടിയാന്മാരെ നേരിൽ കേൾക്കുകയുമുണ്ടായി.

3) നേരിൽ കേൾക്കുന്ന സമയത്ത് ടി ഉദ്യോഗസ്ഥർ ഉന്നയിച്ച വാദങ്ങളും അതിന്മേൽ വനം വകുപ്പാസ്ഥാനത്ത് നിന്ന് ലഭ്യമായ റിപ്പോർട്ടും വിശദമായി പരിശോധിച്ചു. റെയിഞ്ച് രേഖകൾ പ്രകാരം പാസ്സാക്കിയ അടങ്കലിലനുസരിച്ച് ഒരു പ്രാവശ്യം മാത്രമേ ടി ജണ്ടകൾക്ക് ബില്ല് എഴുതി ചാർജ് ചെയ്തിട്ടുള്ളൂ. 16 ജണ്ടകളുടെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയെങ്കിലും അവ പരിഹരിച്ച് പുനർ നിർമ്മിച്ചതിന് പ്രത്യേക ബില്ല് എഴുതി ചാർജ്ജ് ചെയ്തിട്ടില്ല. അതിനാൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ല. കൂടാതെ ജണ്ട നിർമ്മാണത്തിനെതിരെ പരാതി ഉന്നയിച്ച വ്യക്തി വിദേശത്ത് ജോലിനോക്കി വരുന്നയാളാണ്. ജണ്ട നിർമ്മാണ വേളയിൽ ടിയാൻ നാട്ടിലുണ്ടായിരുന്നോ എന്നതിന് ഒരു വ്യക്തതയുമില്ല. മഹസ്സർ പ്രകാരം രണ്ട് ജണ്ടമാത്രമാണ് പരിശോധിച്ചത്. മേലധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല എന്ന ആരോപണം പിന്നീട് കൂട്ടിചേർത്തിട്ടുള്ളതാണെന്ന് കാണുന്നു. ജണ്ട നിർമ്മിച്ചിട്ടുള്ളതും അതിൽ സർക്കാർ നഷ്ടമില്ല എന്നതും കണക്കിലെടുക്കുമ്പോൾ മറ്റ് ആരോപണങ്ങൾ ഒന്നും തന്നെ ഇതിന്റെ വെളിച്ചത്തിൽ നിലനിൽക്കത്തക്കതല്ല. ഈ സാഹചര്യത്തിൽ സർവ്വശ്രീ.അബ്ദുൾ ലത്തീഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരെ അച്ചടക്ക നടപടിയിൽ നിന്നും പൂർണ്ണമായും കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം.
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.അബ്ദുൾ ലത്തീഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.ബി.ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by BIJI K
Date: 2019.03.16
11:34:57 IST
Reason: Approved

സെക്ഷൻ ഓഫീസർ